**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **11-02-2025 - ൽ മറുപടിയ്ക്ക്**

**മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2012-13 വർഷത്തിൽ ഉൾപ്പെട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി. ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നല്കിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നിർവ്വഹണ ഏജൻസിയായ എൽ.എസ്.ജി.ഡി. ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നല്കിയ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. എസ്റ്റിമേറ്റ് 19.09.2024 തീയതിയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും നിലവിലെ നിർമ്മാണ ഏജൻസിക്ക് പകരം പുതിയൊരു ഏജൻസിയെ ഏല്പിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗ സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ? | (സി) | ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം

സിവിൽ സ്റ്റേഷൻ കോട്ടയം- 686 002

Phone: 0481- 2562503 E-mail: scddoktm@gmail.com

No: DDOKTM/184/2024-SA Date: 09-09-2024

ജില്ലാ പട്ടികജാതി വികസന ഓഫീസർ
കോട്ടയം

അസി. എക്സിക്യൂട്ടീവ് എൻജിനീയർ
എൽ എസ് ജിഡി, കാഞ്ഞിരപ്പള്ളി

സർ,

വിഷയം:- പട്ടികജാതി വികസനം - മണിമല മാതൃകാ പട്ടികജാതി കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ അവശേഷിക്കുന്ന പ്രവർത്തികൾ 1/3 കോഡപ്പസ് ഫണ്ടിൽ പരിഗണിക്കുന്നത് സംബന്ധിച്ച് .

സൂചന:- 1) 02.09.2024 ൽ ബഹു കോട്ടയം കളക്ടറുടെ ചേംബറിൽ ചേർന്ന അവലോകന യോഗതീരുമാനം

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികജാതി വികസന വകുപ്പിൻറെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 ൽ പ്രവർത്തനം ആരംഭിച്ച മണിമല മാതൃകാ കോളനിയുടെ അവശേഷിക്കുന്ന പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് 2/3 കോർപ്പസ് ഫണ്ടിൽ തുക അനുവദിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ 2/3 ൽ തുക ലഭ്യമാകാൻ സാധ്യതയില്ലാത്തതിനാൽ 1/3 കോർപ്പസിൽ ടി പ്രവൃത്തികൾ രണ്ടു വർഷങ്ങളിലായി ചെയ്തു തീർക്കാനായി ജില്ലാ തലത്തിൽ പരിഗണിക്കുന്നതിനായുള്ള സാധ്യത പരിശോധിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്

ഈ സാഹചര്യത്തിൽ കെട്ടിടത്തിൻറെ മെയിൻറനൻസ്, ടോയ്ലറ്റ്, അടുക്കള എന്നിവയുടെ നിർമ്മാണം ഉൾപ്പെടുന്ന പ്രവൃത്തികൾ ഇരുപത്തിയഞ്ച് ലക്ഷത്തിൽ അധികരിക്കാത്ത ഒരു എസ്റ്റിമേറ്റ് ആയി ഈ സാമ്പത്തിക വർഷത്തിലും ലാൻറ് ഡവലപ്പ്മെൻറ് ഉൾപ്പെടുന്ന പ്രവൃത്തികൾ മറ്റൊരു എസ്റ്റിമേറ്റ് ആയി തുടർന്നു വരുന്ന വർഷങ്ങളിലും നടത്തുന്ന രീതിയിൽ പരിഷ്കരിച്ച നൽകുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

DISTRICT DEVELOPMENT OFFICER

പകർപ്പ്

പട്ടികജാതി വികസന ഓഫീസർ, കാഞ്ഞിരപ്പള്ളി

(നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി)